## 641

*രീതി: എന്റെ ദൈവം മഹത്വത്തിൽ*

വാഴ്ത്തിടും ഞാൻ യഹോവയെ കീർത്തിച്ചിടും തൻകൃപയെ
ഓരോ നാളും ദിവ്യസ്നേഹം ഓർത്തു ഞാൻ
എന്നും ധ്യാനിച്ചിടും നന്ദിയോടെൻ ദൈവമേ!

1 ശത്രുവിൻ തീയമ്പുകളോ പാഞ്ഞടുക്കും നേരമെന്നിൽ
ശക്തിയോടെതിർത്തു നിൽപ്പാൻ പ്രിയനെ
ശക്തി തന്നരുൾക ഓരോ നാളും നവ്യമായ് (2)-

2 ഭീകരമാം ആഴി തന്നിൽ യാത്ര ചെയ്യും നേരമെന്നിൽ
ഭീതിയാലെന്നുള്ളം തിങ്ങും ഖേദത്താൽ
ഭാരം ലേശമെന്യേ താങ്ങിടണേ കൈകളിൽ (2)

3 പാർത്തലത്തിൽ ക്രൂശെടുത്തു നിത്യവും പിൻ ചെന്നിടുവാൻ
പാർത്തിടുന്നു നിന്നരികിൽ ദൈവമേ
പാരിലാശ്രയിച്ചിടുന്നു നിന്നിൽ പൂർണ്ണമായ് (2)

4 എന്റെ പ്രിയൻ എനിക്കായി ഒരുക്കിടും ഭവനത്തിൽ
എത്തിടുവാൻ എത്ര കാലം പാർക്കേണം
എന്നു തീർന്നിടുമെൻ മരുവാസം ദൈവമേ! (2)

**T.V.S.**